മഞ്ചേരി, ഇടുക്കി ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിന്റെ തുടർ അംഗീകാരത്തിനും കോഴിക്കോട് മെഡിക്കൽ കോളേജിലെ അധികമായി ലഭിച്ച 50 സീറ്റുകൾക്ക് തുടർ അംഗീകാരം ലഭ്യമാക്കുന്നതിനും ഇടുക്കിയിലെ പുതിയ മെഡിക്കൽ കോളേജിന് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ചും ഞാനും ആരോഗ്യവകുപ്പ് സെക്രട്ടറിയും കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുമായി ജൂലൈ 10, 11 തീയതികളിൽ വിശദമായ ചർച്ച നടത്തുകയുണ്ടായി. ആവശ്യമായ എല്ലാ രേഖകളും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനും കേന്ദ്ര സർക്കാരിനും ആരോഗ്യവകുപ്പ് സെക്രട്ടറി സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം പാലക്കാട് പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജിന്റെ കാര്യംകൂടി ഞാൻ പറയുകയാണ്. പാലക്കാട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്ന മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി എ. പി. അനിൽകുമാറിന്റെ നിർദ്ദേശാനുസരണം പട്ടികജാതി വികസന വകുപ്പ് സെക്രട്ടറി ആവശ്യമായ രേഖകൾ മെഡിക്കൽ കൗൺസിൽ മുമ്പാകെ സമർപ്പിച്ചു. ആ കോളേജിനുവേണ്ടിയും ആരോഗ്യ വകുപ്പുസെക്രട്ടറി അണ്ടർടേക്കിംഗ് നൽകുകയുണ്ടായി. 12-7-2014-ന് നടന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കുകയും തുടർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിലുള്ള ശിപാർശയോടെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതായും അറിയുന്നു. കേന്ദ്രസർക്കാരിന്റെ ഉത്തരവ് കുറച്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടൽകൊണ്ടാണ് മഞ്ചേരിയിൽ അഡ്മിഷൻ നൽകിയതുൾപ്പെടെ പുതിയതായി 300 എം.ബി.ബി.എസ്. മെരിറ്റ് സീറ്റുകൾ ഈ വർഷം സംസ്ഥാനത്തിന് ലഭ്യമാകുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

13. പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. റ്റി. വി. രാജേഷ്: സർ, പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സി.എച്ച്.സി. ആയിരുന്ന ഈ ആശുപത്രി 1-3-2011-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും ഇതുവരെയും സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളതും കടലോര മേഖലയുൾപ്പെട്ടതുമായ 6 പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഇന്ന് ആ ആശുപത്രിയിൽ 26 കിടക്കകൾ മാത്രമാണുള്ളത്. അത് 100 കിടക്കകളായി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഓപ്പറേഷൻ തീയേറ്ററിൽ ഉപയോഗിക്കുന്ന ആധുനിക ഉപകരണങ്ങൾ, Autoclave machine, ലബോറട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. നിലവിൽ ഒരു സിവിൽ സർജനാണ് സൂപ്രണ്ടിന്റെ ചുമതല നിർവ്വഹിക്കുന്നത്. താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും സൂപ്രണ്ടിന്റെ തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ല. ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ തസ്തികകളിൽ ഡോക്ടർമാരില്ല. അതിനുള്ള തീരുമാനം അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ആശുപത്രിയിൽ നേരത്തെയുള്ള രീതിയനുസരിച്ച്, കരിവള്ളൂർ, പുതിയങ്ങാടി ഫിഷറീസ്, പയ്യന്നൂർ അസംബ്ലി മണ്ഡലം, രാമന്തളി എന്നീ സെന്ററുകളിൽ ഡോക്ടർമാർ അവധിയാണെങ്കിൽ ഈ താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ സേവനമാണ് നൽകുന്നത്. ഇവിടത്തെ ഡോക്ടർമാരെയാണ് ഡിപ്ലോയ് ചെയ്യുന്നത്. അത് പലപ്പോഴും ആശുപത്രിയുടെ പ്രവർത്തനം തടസ്സമാക്കുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. നിലവിലുള്ള സൂപ്രണ്ടായി ചുമതല നിർവ്വഹിച്ചിരുന്ന സിവിൽ സർജൻ ഇപ്പോൾ അവിടെ നിന്നും മാറിപ്പോയിരിക്കുകയാണ്. അതുകൊണ്ട് നിലവിൽ സൂപ്രണ്ടിന്റെ ചുമതല ആരും നിർവ്വഹിക്കുന്നില്ല. എത്രയും പെട്ടെന്ന് ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നതിനും ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തന്നതിനും സത്വര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 1-3-2011-ൽ താലൂക്കാശുപത്രിയായി ഉയർത്തിയ 26 കിടക്കകളുള്ള ആശുപത്രിയിൽ പ്രതിദിനം ഒ.പി.-യിൽ 500 രോഗികളും ഐ.പി.-യിൽ 17 രോഗികളുമാണ് വരുന്നത്. ഈ ആശുപത്രിയുടെ കീഴിൽ മൊബൈൽ ഫിഷറീസ് മെഡിക്കൽ യൂണിറ്റ്, ഫാർമസി ലാബ്, അത്യാഹിത വിഭാഗം, ഓഫീസ് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. 60 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കെട്ടിടങ്ങളുടെ പഴക്കം, അസൗകര്യം എന്നിവ ഈ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 13 ഡോക്ടർമാർ ഉൾപ്പെടെ 52 തസ്തികകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്. ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുള്ള തസ്തികകളിൽ 3 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. സിവിൽ സർജന്റെ തസ്തികയിലും നിയമനം നടത്തിയിട്ടുണ്ട്. നഴ്സുമാരുടെ ഒഴിവുകളൊന്നും നിലവിലില്ല. എൻ.ആർ.എച്ച്.എം. മുഖേന ഒരു നഴ്സിനെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. സർവ്വീസിൽ പി.ജി.യുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly